


# 4th HALF (HAIKU AMATEUR LITTLE FILM) SHORT FILM FESTIVAL 2014

half
Haiku Amateur Little Film

## FESTIVAL SOUVENIR

Insight
the creative group

# About Insight

## Half Festival

Haiku Amateur Little film (HALF) Festival is a short film contest and festival organized by INSIGHT, the creative group, an association of amateur short film makers.

## Half

‘Haiku’ is a very short form of Japanese poetry, here used to mean any short form of esthetic creativity. ‘Amateur’ here denotes a creation by a creator whose chief intention in the creation is not financial gain. The meaning of ‘amateur’ implying something that lacks professional quality does not apply here. 'Little' here stands for shortness of duration of the film and is specified as ‘no longer than 5 minutes of total screening time including front and back credits’. ‘Film’ stands for cinematic creation in the digital video format. ‘HALF’ is an abbreviation of ‘Haiku Amateur Little Film’ and denotes also the stipulated duration of the film which is 5 minutes or half the time of a traditional film reel which is 10 minutes.

## Very short film

There is no official consensus on the duration of ‘short film’. Traditionally American film industry defined it as ‘shorter than two reels’ which means shorten than 20 minutes, as the traditional film reels is 10 minutes long. The Academy of Motion Picture Arts and Sciences defines a short film as “an original motion picture that has a running time of 40 minutes or less, including all credits”. The Internet Movie Database draws the line at 45 minutes. Insight has decided to encourage very short films and believes a ‘very short film’ should be less than 5 minutes long. Hence the stipulation of 5 minutes limit for the entries.

## Insight

Insight is a group of creative artists, with base at Palakkad, in Kerala, India, who believe in the great potential of the medium of communication and aesthetic creativity that the very short film offers. It is actually a regrouping of the founding members of the earlier, now defunct, ‘Hraswachithra’ (meaning ‘Short Film’) Film Society of Palakkad, the pioneering short film and parallel cinema movement in Kerala, which made several short films in the 8mm and video formats in the 1980s, when such attempts were rare in this part of the world. In 1979, the leading members had gone to get training in short film making from SOSFIMAK (Society of Short Film Makers) of Bangalore. Whole villages were mobilized for participating in the films made by Hraswachithra. Though very little opportunity was then available to show their films to a wider audience, the films were widely shown among the people of the area where they were shot and everyone got a chance to see the working of a film right up to its screening and many got a chance to appear in the films.

http://www.palakkadinsight.com E-mail: palakkadinsight@gmail.com Phone: 9446000373

Palakkad, 31-12-2014

Dear friend,

*Greetings from the Insight Team!  May the year 2015 be the best so far in your life.*

You must have seen a few films by Pixar and must have really enjoyed them.  Pixar Animation Studios began in 1979 as the Graphics Group of the computer division of Lucasfilm and became a separate corporation in 1986 with funding by Apple Inc. co-founder Steve Jobs.  This made Steve Jobs its majority shareholder and, when the Walt Disney Company bought Pixar in 2006 at a valuation of $7.4 billion, Jobs became Disney's largest shareholder.

During the early days Pixar struggled hard to make very short films. Computer animation was in its infancy.  The famous photographer and writer, Steve Bloom, says "The story of Pixar's early short films illuminates not only the evolution of the company but also the early days of computer animation, when a small group of artists and scientists shared a single computer in a hallway, and struggled to create emotionally compelling short films".

What made Steve Jobs and Disney Company spent so much on this 'small group of artists and scientists'?  John Alan Lasseter,  an American animator, film director, screenwriter and producer, who is also the chief creative officer at Pixar says "Pixar's short films convinced Disney that if the company could produce memorable characters within five minutes, then the confidence was there in creating a feature film with those abilities in story and character development".  It was these same five minute short films that compelled Steve Jobs to provide funding to make Pixar a corporation.  John Lasseter would often say "Short films really helped me develop as a story teller, animator, and as a director".

Joseph Kosinski , the well-known American television commercial and feature film director, advices the new aspiring directors to start with short films. "Go out and make something that reflects your interests, your taste, and your ideas. No one will pay you to make something until you have a few things you can show that you've directed. I got my start by making short films on my own" he says.  Many Hollywood directors of repute started with short films.

Insight calls upon all who dream of directing long films, or feature films, to start with very short films.  The experience with the very short films will help you a lot in your struggle to become a director of longer films.  Insight is there to support you.

I take this opportunity to thank all those who supported and cooperated with our $4^{TH}$ HALF FESTIVAL 2014 and invite all to help us make the $5^{TH}$ HALF INTERNATIONAL FESTIVAL 2015 a grand success.  I also beg pardon from all of you for the inordinate delay in the release of this Souvenir.  I expect to see you all at the $5^{TH}$ HALF INTERNATIONAL FESTIVAL 2015 in August, 2015.



With warm regards,

**K.V. Vincent**
Festival Director


www.reelax.in
For the first time in India
PURCHASE & DOWNLOAD
your favourite
MOVIES ONLINE
Available Movies
Ponmuttayidunna Tharavu , Thoovalsparsham , Kauravar , Meleparambil Anveedu , Radholsavam , Sandesam , Superman , Thalayanamanthram , Thiruthalvadi , Uppukandam Brothers , Varaphalam , Vyooham , Bharthchandran IPS , Kazhcha , Kochirajavu etc...
Reelax Short Film Telecast
Short Film making have become an easy task with the spread and easy access of digital technology. Thanks to internet. The videos made with very meager cost can easily uploaded to any video streaming sites to reach the potential audience geographically scattered all around the world. Reelax provides a similar platform for short film makers!
visit www.reelax.in



# ആഖ്യാനാത്മക ഹൈക്കു ചിത്രങ്ങളെ അംഗീകരിക്കണം

നാലുവരിയുള്ള ഹൈക്കുകവിതകൾക്കും നാലുവരിയുള്ള ഹൈക്കു ചെറുകഥകൾക്കും സാഹിത്യലോകത്തിൽ അംഗീകാരവും പ്രശസ്തിയും ലഭിച്ചിട്ടുണ്ട്. എന്നാൽ കലകളിൽവച്ച് ഏറ്റവും ശക്തിയേറിയ കലയായ സിനിമാലോകത്തിൽ മാത്രം നാല് മിനിറ്റ് ദൈർഘ്യമുള്ള ഒരു ഹൈക്കു സിനിമക്ക് അംഗീകാരമോ പ്രശസ്തിയോ ലഭിച്ചിട്ടില്ല. രാജ്യാന്തര ചലച്ചിത്ര മേളകളിൽ ഹൈക്കു സിനിമകൾക്ക് സ്ഥാനമേയില്ല; നമ്മുടെ നാട്ടിൽ പ്രത്യേകിച്ചു ഒരു വഴിപാടുപോലെ ചലച്ചിത്ര അക്കാദമി വർഷം തോറും ഹ്രസ്വചിത്രമേള സംഘടിപ്പിക്കാറുണ്ടെങ്കിലും ദൈർഘ്യമേറിയ ഡോക്യുമെന്ററി ചിത്രങ്ങൾക്കൊപ്പം നാമമാത്രമായി ചില ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കാറുണ്ടെന്നുമാത്രം. കേരളത്തിൽ നിർമ്മിച്ച ഹ്രസ്വചിത്രങ്ങളെ പ്രദർശിപ്പിക്കാനോ പ്രോത്സാഹിപ്പിക്കാനോ ചലച്ചിത്ര അക്കാദമിയും ഇതര ഹ്രസ്വചിത്രോത്സവ സംഘടാകരും ശ്രമിക്കാറില്ല. നാല്പത് മിനിറ്റ് ദൈർഘ്യമുള്ള ഒരു ഡോക്യുമെന്ററി ചിത്രത്തിനോടൊപ്പം നാലുമിനിറ്റ് ദൈർഘ്യമുള്ള ഒരു ഭാവാത്മക (കഥാത്മക) ഹ്രസ്വചിത്രം മത്സരിച്ചാൽ ഉണ്ടാകുന്ന 'വിരോധാഭാസം' ഊഹിക്കാവുന്നതേയുള്ളു. ചില ഹ്രസ്വചിത്രമേളാ സംഘാടകർ മ്യൂസിക് ആൽബങ്ങളേയും അനിമേഷൻചിത്രങ്ങളേയും, പരസ്യചിത്രങ്ങളേയും ഹ്രസ്വചിത്രഗണത്തിൽ ഉൾപ്പെടുത്തി എൻട്രിഫീ വാങ്ങി മേള 'പൊടിപൊടി'ക്കാറുണ്ട്. മേളയിൽ സ്വീകരിച്ച പല ചിത്രങ്ങളും ജൂറിഅംഗങ്ങൾ കാണുകയോ പൊതുവേദിയിൽ പ്രദർശിപ്പിക്കുകയോ ചെയ്യാറില്ല. പലപ്പോഴും ഹ്രസ്വചിത്രമേളയുടെ മേൽവിലാസത്തിൽ ഒരു ഉഗ്രൻ സുവനീർ പ്രസിദ്ധീകരിച്ച് എല്ലാ സ്വാധീനവും ഉപയോഗിച്ച് പരസ്യങ്ങൾ പ്രസിദ്ധീകരിച്ച് മേള നടത്തുന്നവരുടെ കീശ വീർപ്പിക്കാറാണുള്ളത്. (ഇത്തരം മേളക്കാർ മത്സരജേതാക്കൾക്ക് കാലിക്കവർ സമ്മാനത്തുകയായി നൽകി ആദരിക്കാറുമുണ്ട്!) നിലവിലുള്ള ഇത്തരം പ്രവണതകൾക്ക് ബദലായാണ് 'ഇൻസൈറ്റ് അഞ്ച്മിനിറ്റ് ദൈർഘ്യംമാത്രമുള്ള ഹ്രസ്വചിത്രങ്ങൾക്ക് അമ്പതിനായിരം രൂപ നൽകിക്കൊണ്ട് 'ഗോൾഡൻ സ്ക്രീൻ അവാർഡ്' ഏർപ്പെടുത്തിയതും മത്സരത്തിന് തിരഞ്ഞെടുത്ത എല്ലാ ചിത്രങ്ങളും പൊതുവേദിയിൽ പ്രദർശിപ്പിക്കുകയും ഓരോ ചിത്രം പ്രദർശിപ്പിച്ചശേഷം 'ഓപ്പൺഫോറം' ചർച്ച നടത്തുകയും ചെയ്യുന്നതും.

അസാധാരണമായ ഉൾക്കാഴ്ചയും ഉൾക്കണ്ണുമുള്ള നിരവധി ഹ്രസ്വചിത്രങ്ങൾ നാലാം ഹൈക്കു ചിത്രമേളയിൽ പങ്കെടുത്തു എന്ന കാര്യത്തിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. എന്നാൽ കേരളത്തിലുള്ള ഹ്രസ്വചിത്രനിർമ്മാതാക്കളുടെ കുറഞ്ഞപങ്കാളിത്തം ഞങ്ങളെ നിരാശപ്പെടുത്തി. നാലാം ഹൈക്കു ഹ്രസ്വചിത്രമേളയിൽ ഗോൾഡൻസ്ക്രീൻ അവാർഡ് നേടിയത് എസ്പാന്താവിദാസ് എന്ന സ്പാനിഷ് ചിത്രമായിരുന്നു. അഞ്ചുമിനിറ്റ് മാത്രം ദൈർഘ്യമുള്ള ആഖ്യാനഹ്രസ്വചിത്രങ്ങളുടെ മേള എന്ന നിലയിൽ 'ഇൻസൈറ്റി'ന്റെ സംരംഭം ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. അതിന്റെ ഫലമായാണ് അനേകം വിദേശചിത്രങ്ങൾ ഇത്തവണ മത്സരത്തിന് എത്തിയത്. അഞ്ചുമിനിറ്റിന്റെ ദൈർഘ്യത്തിൽ ഒതുങ്ങാത്തതുമൂലം പല ചിത്രങ്ങളേയും മത്സരത്തിൽ പങ്കെടുപ്പിക്കാനോ പൊതുവേദിയിൽ പ്രദർശിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കാനോ ഞങ്ങൾക്ക് കഴിഞ്ഞില്ല. അഞ്ചുമിനിറ്റു ദൈർഘ്യമുള്ള ആഖ്യാനാത്മക- ഭാവാത്മക ഹ്രസ്വചിത്രങ്ങൾക്ക് രാജാന്തര ചലച്ചിത്രമേളകളിലും മുഖ്യധാരാചാനലുകളിലും പ്രദർശിപ്പിക്കാൻ അവസരം ലഭിക്കണെമെന്ന ആത്മാർത്ഥമായ ആഗ്രഹത്തോടെയാണ് നാലാം ഹ്രസ്വചിത്രമേളയുടെ ഈ സുവനീർ ഞങ്ങൾ കാഴ്ച വെക്കുന്നത്. മേളയിൽ പങ്കെടുത്ത എല്ലാ കലാകാരന്മാരോടും ആസ്വാദകരോടും നന്ദി രേഖപ്പെടുത്തുന്നു.



**കെ. ആർ. ചെത്തല്ലൂർ**
പ്രിസിഡന്റ്, ഇൻസൈറ്റ്




Since last
20 years
we are in the
Electronics field
Service Helpline
99477 24 365
Hrs. days
പവർക്കട്ട് ഇനി ഓർമ്മകൾ മാത്രം
സോളാർ ഇൻവേർട്ടറിലേക്ക് മാറൂ 90%
ഇലക്ട്രിസിറ്റി ബിൽ സേവ് ചെയ്യൂ.
UNIVERSAL®
INVERTER · UPS · SOLAR ENERGY
UNIVERSAL TRANSFORMERS
Universal Enterprises
Don Hill, Malappuram.
Mob : 9895374006, 9446729276
Opp.Parakunnam Mosque, College Road, Palakkad-1 | Br : Near Ayyappa Temple, Sidapudur, Coimbatore.




# HALF Festival *—a long platform for short films*

Since 2011 INSIGHT is organizing "Haiku Amateur Little Film" (HALF) Festival in August, more precisely on the second Saturday and the following Sunday of August, every year. This year the festival was celebrated on 9th and 10th of August 2014. HALF Festival stands apart from other such short film festivals in its character and conducting.

Primarily, the vision of INSIGHT is to provide a platform for the short film makers to exhibit their creations to the public at large. Short film makers who usually depend on media such as You Tube do not get a chance to screen their films to a large audience. They are satisfied by showing their creation to a few of their friends using a CPU or TV or by sending their works to some festivals where these are screened along with other films of varying durations from 1 minute to 30 minutes or even more. To avoid such a state of affairs INSIGHT decided not to include films which go above the prescribed duration of five minutes including the front and back credits. During the past years INSIGHT managed to attract a large audience from all walks of life.

Participation and screening of foreign films help Indian film makers to understand and study the trend and technology prevailing in those countries. The Indian films are in no way inferior to the foreign films. On the contrary, they are far more superior in their story line to their counterparts of the foreign countries. What we lack is the knowledge of grammar of film-language and to a certain extent the technological possibilities.

Out of the two hundred and odd films received, a preliminary selection committee short listed films which qualify themselves for screening. A jury consisting of three members from the cinema field (A director, cinematographer and a film critic – all well established in their concerned fields) was given the responsibility of adjudging the prize winners. The best film adjudged by the jury was nominated for the "Golden Screen Award" which carries a cash prize of INR 50,000/- (which is the highest cash award that can be won in such short film contests in India), a memento and a Certificate.

INSIGHT not only motivates the short film makers by distributing awards but conducts the festival to become a sort of workshop for the film makers. Here a film is screened followed by a discussion in which the film maker and the audience exchange views. The producer and director of the film are equally vulnerable to both bouquets and brickbats. Such discussions are helping them to recognize their strong and weak points which will help them to improve their skills.

From 36 short films (all from Kerala) contested in 2011 the festival has grown to 256 (National and International) short films in 2014. The popularity and growth of the festival demand a perfect transparency and increased responsibility from INSIGHT. The organizers of the festival do understand the challenge ahead and are all set to face it. We are ready to face yet another more impressive HALF 2015 on the 8th and 9th of August 2015.



**Methil Komalankutty**
Secretary, Insight

*With best compliments from*

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

- **POST OFFICE SCHEMES**
- **LIFE INSURANCE CORPORATION**
- **MUTUAL FUND SCHEMES**
- **R.B.I. RELIEF BONDS**

**Gopinath V.**
**Ph: (O) 2522088**
**Cell: 9447720115**

# SREE LAKSHMY ENTERPRISES

Kalliathody Complex, Near GVC 100 Feet Road, Palakkad - 678 001

*With best compliments from*

Melam Dubai

MEDIA FOR ENRICHMENT OF THE LANGUAGE OF ARTS & MUSIC

*With best compliments from*

JOIN Image AN ASSOCIATION OF CREATIVE PHOTOGRAPHERS

*birds of a feather flock together.*
*If you have the creative urge and are shutter happy, join image*

**9447442899 (President)**
**9544321609 (Secretary)**
**9447073017 (Treasurer)**




# EDITING TIPS

For any film, whether it is long or short, the basic editing requirement is empathy with the characters and with the audience, understanding the feelings of those who virtually exist on the screen and those who really exist in front of the screen. After this is ensured, the editor has to follow the following tips:

- For short films, close ups and medium shots are more effective than wide angle shots. One or two wide angle shots may be necessary to specify the place where the story happened, or to contextualize it. But, after that, close ups and medium shots will be more meaningful for the audience.
- In short films, there will be few characters. Usually there will be just one character that is always dominant in the plot. So the body language of the dominant character and the unique rhythm and tempo of his voice may be used as guidance for the rhythm of your editing.
- Best camera angle for each moment may be based on a well-planned balance between the intent of the speaker and expectations of the audience. The angle should help the speaker to express his story better and the audience to understand it more clearly.
- Cut between a gesture or action, using the completion of a gesture or action to mask the change over from one shot to another. The viewer will be following the action and will miss the crossing over.
- Cut while someone is speaking, possibly at a hard consonant, so that the edit may seem less obvious. If the word chosen for the cut is important in the story, the edit will emphasize the word.
- Cut out errors of technical nature and errors and pauses in the narrative taking care to make corresponding changes in actions, while cutting out unnecessary pronouncements. Likewise, corresponding changes may be made in words, while cutting out unnecessary actions.
- Speed and variety are the key words to keep the story moving. If a piece of speech or action has been taken from more than one angle, mix the shots from different angles to make the scene more dynamic and attention-grabbing.
- When shooting speaking, or a conversation, intersperse shots of the speaker with shots of the listener, to make the shot more interesting and to show the viewer how the listener is reacting to the words.

There are many other points to remember like trying to cut very tight, adding music later rather than using music as a guide to editing, using close-ups of the eyes for dialogue with intense feelings, making changes from the script if absolutely necessary after consulting the director, using digital aids like blowing up, if there is enough resolution and allowing the editor to intervene in your work as the director is the person most responsible for the film which is his creation, after all. Editing is indeed a tight-rope walk for most editors.



**C.K. Ramakrishnan**


SOUTH INDIA'S LARGEST SELLING SINCE 1970
LAZZA ICE CREAMS
Real Fruits
Real Ice cream
Sooooper Natural
Strawberry
Alphonso Mango
Lychee
Blueberry
Pineapple
Chikoo
Tender Coconut
www.lazza.co.in
For trade enquiries, call: 99460 37777, Email: support@lazza.in


IATA
Total solutions
to your travel needs
Jet Travels, Palakkad's 1st IATA approved Travel Agency
DOMESTIC AND INTERNATIONAL AIRLINE TICKETING I HOLIDAYS I VISA SERVICES
PASSPORT I TRAVEL INSURANCE I EURAIL I CRUISES I HOTELS I HAJJ & UMRAH
JetTravels
Your personal travel partner
34 Glorious Years
Fort Centre, Stadium Bye Pass Road, Near Fort Maidan, Palakkad - 678 001
T: 0491 2537801 / 02 / 03 F: 0491 2537833 E: info@jettravels.co.in W: www.jettravels.co.in
CALL : 93881 09441 / 90206 23535



# SOUND EDITING IN FILMS

## – *some stray thoughts*

There are many points that we have to keep in mind when adding sound to a short film. I used the word 'add' because I believe that all the sounds recorded during the shooting may have to be removed before the post-processing, especially in the case of dialogue. It will be very difficult to 'clean' it without completely removing it and dubbing it in. There will be so much unexpected disturbances during the shooting that will not be erased by filtering or such other techniques. We must remember that theaters will play at louder volumes than are used during editing. Any slight problems will be magnified. To have an idea of how the film will finally play, it would be prudent to screen the film in a theatrical mix room.

The sound editing room should be isolated or sound-proofed from rooms around it. The floors, walls and ceilings should have acoustical treatment to improve the quality of sound. The editing workstation must be optimized for audio with the audio interfaces designed for professional quality transfer of sound. As many effects added to audio tracks cannot be undone at later stages, any processing like cutting, mixing, volume changes and effects like compression, EQ and reverb should be done in good quality. To optimize sound editing the sound edit and mix should be on a system completely separate from the picture editing system.

Get someone unfamiliar with your project to listen to the dialogue that has been recorded, to make sure that the dialogue is clear and easily understandable. If there is difficulty in understanding, the track should be 'cleaned' and replaced. Overlap the audio from shots before or after within a scene, adding small fades between the overlaps, to smooth out sound within a scene that does not match properly. If this is not sufficient, additional 'room tone' may be added to hide inconsistency. Portions of the dialogue that cannot be made intelligible and cannot be smoothed out or hidden should be replaced. Keep in mind that, when the portion or all of a dialogue is removed from the scene, all the sounds that are recorded in synchrony with it will have also to be removed completely.

Remember also that dialogue-edit must be done only after the film has been completely edited. The video editing system is enough to do a dialogue-edit of passable quality. Mixing work will move faster, if the audio has been grouped logically based on the way it sounds, the way it should sound or the way it was recorded.

In a very short film, sound will not be the primary factor that is going to influence the viewer. The visual part is always the most important part of the very short film. But sound, if matched properly with the visuals, will enhance the meaningfulness and striking power of the story. With properly mixed sound the film completely captivates all the senses of the viewer and makes the viewer experience the story as if the camera and the editing equipment were not between him and the virtual film reality before him.

**Madhavadev Manikkoth**





# കാൽടീസ്പൂൺ കലാലേഹ്യം



ആദ്യമായാണ് ഇൻസൈറ്റ് ഹ്രസ്വ ചിത്രമേളയിൽ പങ്കെടുക്കാൻ എനിക്ക് അവസരം ഉണ്ടായത്. കഴിഞ്ഞ വർഷ ങ്ങളിലെ മേളകളിൽ പങ്കെടുക്കാൻ കഴിയാതെ പോയതിന്റെ നഷ്ടത്തെക്കുറിച്ച് ബോധ്യപ്പെടുകയും ചെയ്തു. രാജ്യാന്തര മേളകൾ ഉൾപ്പെടെ ചെറുതും വലുതുമായ മറ്റു അനേകം മേളകളുമായി താരതമ്യം ചെയ്യുമ്പോൾ ഇൻസൈറ്റ് ഹ്രസ്വചിത്രമേള രണ്ടു കാര്യങ്ങളിലാണ് വേറിട്ട് നില്ക്കുന്നതും വിജയമായി ഭവിക്കുന്നതും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്ന്, വലിയ ഒരു ആൾക്കൂട്ടത്തിന്റെ ധാരാളിത്തമുള്ള കമ്മറ്റികളാൽ നിയന്ത്രിക്കപ്പെട്ട ഒരു സംഘടനയുടെ ചട്ടകൂടല്ല ഇൻസൈറ്റിനുള്ളത്. സ്വതന്ത്ര ചിന്താഗതിക്കാരായ വെറും അഞ്ചുപേരുടെ, 'ഹൈക്കു' ചിത്രത്തിന്റെയത്ര മാത്രം വലിപ്പമുള്ള ഒരു കൂട്ടായ്മയുടെ ഉൾക്കാഴ്ചയാണ് അത്. ആയതിനാൽ സംഘാടക ബാഹുല്യം കൊണ്ട് സാധാരണ ഇത്തരം മേളകളിൽ ഉണ്ടാകുന്ന സങ്കീർണ്ണതകൾ ഇവിടെ സംഭവിക്കുന്നില്ല. മറ്റൊന്ന്, ഓരോ ഹ്രസ്വചിത്രത്തിന്റെയും പ്രദർശനത്തിനുശേഷം അനുവദിക്കുന്ന ചർച്ചയ്ക്കുള്ള സമയമാണ്. തന്മൂലം വിവിധ വിഷയ വാഹികളായ ചിത്രങ്ങൾ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ, അവയുടെ ചിന്താ പരിസരം, പൊതു കാഴ്ചപ്പാട്, സാമൂഹിക പ്രസക്തി, ചിത്രങ്ങളുടെ സാങ്കേതിക സവിശേഷത, എന്നിവയെ ആധാരമാക്കിയുള്ള തുറന്ന ചർച്ചയ്ക്കു സന്ദർഭം ഉണ്ടാവുന്നു. സാധാരണ മേളകളിൽ, പൊതുവായതും നാമ മാത്രവുമായ ചർച്ചകളാണ് പതിവ്. അതുകൊണ്ടു തന്നെ ചിത്രത്തിന്റെ സംവിധായകനോ നിർമ്മാതാവിനോ അവരുടെ ചിത്രം പ്രദർശിപ്പിയ്ക്കുമ്പോഴും ശരിയാംവണ്ണം അവതരിപ്പിക്കാൻ കഴിയാതെ പോകുന്നു. തന്റെ കലാസൃഷ്ടി കേവലം പ്രദർശിപ്പിക്കപ്പെടുക എന്നതാവില്ല ഏതൊരു സൃഷ്ടാവിന്റെയും ആവശ്യം. അത് സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുമ്പോഴേ അവനു തൃപ്തി ആവൂ. അങ്ങിനെ തൃപ്തരായ കുറെ സിനിമാ പ്രവർത്തകരെ ഇൻസൈറ്റ് മേളയിൽ കാണാൻ കഴിഞ്ഞു. ഒരു പക്ഷെ സ്ഥിരമായി ഈ മേളയിലേക്ക് അവരെ പങ്കെടുപ്പിക്കാൻ പ്രേരിപ്പിക്കുന്നതും ഈ ഘടകം ആണെന്ന് ഞാൻ കരുതുന്നു.

സിനിമ എല്ലാവിധ കലകളുടെയും മേളനം ആണ്. അതുകൊണ്ട് തന്നെ ആണ് മറ്റു ഏതൊന്നിനെക്കാളും ഈ കല മനുഷ്യനെ എളുപ്പത്തിൽ സ്വാധീനിക്കുന്നത്. വിശാലമായ തീയറ്ററുകളിൽ ഇരുന്ന് രണ്ടരമണിക്കൂർ കഥാചിത്രങ്ങൾ ഒറ്റ ഇരിപ്പിന് കാണുന്നവരുടെ എണ്ണം കാലക്രമേണ കുറഞ്ഞുവരുന്നു. അവനവന്റെ കയ്യിലുള്ള ആറിഞ്ചു വീതിയും നീളവുമുള്ള സ്മാർട്ട് ഫോണിന്റെ കുഞ്ഞു സ്ക്രീനിലേക്ക് ലോകം ചുരുങ്ങുകയോ വികസിക്കുകയോ ചെയ്ത ഈ സമയത്ത് ചെറിയ സിനിമകൾക്കേ ഇനി ആസ്വാദകർ ഉണ്ടാകൂ. അത് തീർച്ച. കാച്ചിക്കുറുക്കിയ ഒരു ഔഷധ ലേഹ്യം പോലെ ആവണം സിനിമ. കലകളെ സമഞ്ജസമായി സമന്വയിപ്പിച്ചും ആശയാനുഭ




വങ്ങളെ വിദഗ്ധമായി സന്നിവേശിപ്പിച്ചും സാങ്കേതിക തന്മയത്വത്തോടെ കാഴ്ചവയ്ക്കുന്ന ചെറു ചിത്രങ്ങൾക്ക് പ്രഹരശേഷി കൂടുതലാണ്. പ്രതിബദ്ധതയുള്ള ആശയങ്ങൾ പേറുന്ന ഇത്തരം 'ഹൈക്കു' ചിത്രങ്ങൾ സമൂഹത്തിൽ ഔഷധങ്ങൾ ആയി രാസപ്രവർത്തനം നടത്തുന്നവയാണ്. ആ നിലവാരത്തിലേക്ക് ഉയരുന്ന അൽപം ചിത്രങ്ങൾ എങ്കിലും ഈ മേളയിൽ കാണാൻ കഴിഞ്ഞു. രൂക്ഷമായ തൊഴിലില്ലായ്മ പ്രമേയമാക്കിയ മേളയിലെ മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട സ്പാനിഷ് ചിത്രം തന്നെ ആണ് ഇതിനു മികച്ച ഉദാഹരണം. കണ്ണാടിയിൽ നോക്കുമ്പോൾ നാം കണ്ണാടി എന്ന വസ്തുവിനെ ഒരിക്കലും കാണാത്തതുപോലെ ആ ചിത്രം കണ്ടപ്പോൾ സ്ക്രീനിൽ നിന്ന് ജീവിതാവസ്ഥ ശരിക്കും തുളുമ്പുകയായിരുന്നു. സ്ക്രീനിന്റെ പരിമിതിയെയും "ഹൈക്കു"വിന്റെ സമയ ക്ലിപ്തതയെയും തോല്പിച്ച ചിത്രമായാണ് എനിക്ക് തോന്നിയത്. മേളയിൽ പ്രദർശിപ്പിച്ച നേരത്തെ പ്രതിപാദിച്ച ഔഷധ മേന്മയുള്ള ഒരു ചിത്രത്തെ ഉദാഹരിച്ചു എന്നെ ഉള്ളു.

15 വിദേശ ചിത്രങ്ങൾ അടക്കം അറുപതോളം ചിത്രങ്ങൾ ആണ് മേളയിൽ പ്രദർശിപ്പിച്ചത്. ഓരോ പ്രദർശനത്തിനും അനുബന്ധമായി നടന്ന സംവാദത്തിൽ ഉടനീളം സജീവത നിലനിന്നിരുന്നത് പ്രദർശിപ്പിച്ച മിക്ക ചിത്രങ്ങളും സംവാദയോഗ്യം ആയിരുന്നു എന്നതുകൊണ്ടാവാം. ചിത്രങ്ങളിൽ കൂടുതലും യുദ്ധം, ദാരിദ്ര്യം, സ്ത്രീ പീഡനം, തൊഴിലില്ലായ്മ തുടങ്ങിയ വിഷയങ്ങളിൽ ഊന്നി നിന്നവ ആയിരുന്നു എങ്കിലും പ്രതിപാദനരീതിയിലെ വൈജാത്യം മൂലം അത്രയ്ക്ക് വൈരസ്യം അനുഭവപ്പെടുന്നതായിരുന്നില്ല. അതിനു അപവാദമായി ചില ചിത്രങ്ങൾ ഉണ്ടായിരുന്നു എങ്കിൽകൂടി. ചിത്രത്തിന്റെ സ്രഷ്ടാവ് തീർത്തും ഉദ്ദേശിക്കാത്ത ആശയതലങ്ങളിലേക്ക് ചില ചിത്രങ്ങളെകാണികൾ ചർച്ചക്കിടയിൽ എടുത്തു ഉയർത്തിയത് സംവിധായകർ അമ്പരപ്പോടെ കണ്ട ചില കൗതുകകരമായ കാഴ്ചകളും കാണാനിടയായി. കർഷക ആത്മഹത്യ പ്രമേയമാക്കിയ ആദ്യ ചിത്രത്തിന് ശേഷം നടന്ന ചർച്ചയിൽ സദസ്സിലുണ്ടായിരുന്ന ജില്ലാ ഭരണാധികാരിയോട് പ്രതിവിധിയോടു കൂടിയ ഒരു പ്രതികരണം ഉണ്ടോ എന്ന് ഒരു ആസ്വാദകൻ ആരാഞ്ഞതും 'സിനിമകൾ ചോദ്യങ്ങൾ ഉയർത്തുന്നതേയുള്ളു. ഉത്തരങ്ങൾ നാം കണ്ടെത്തണം' എന്ന് കളക്ടർ മറുപടി നൽകിയതും അപൂർവ്വമായ ഒരു അനുഭവമായിരുന്നു.

മേളയിൽ പ്രദർശിപ്പിച്ച പതിനഞ്ചോളം വിദേശ ചിത്രങ്ങൾ മറ്റു ഇന്ത്യൻ ചിത്രങ്ങളെ എല്ലാം സാങ്കേതികമായ നിലവാരത്തിലും പ്രതിപാദനരീതിയിലും ബഹുദൂരം പിന്നിലാക്കുന്നവ ആയിരുന്നു എന്നത് മേളയിൽ പങ്കെടുത്ത ഏവർക്കും ബോധ്യപ്പെട്ടതാണ് എങ്കിലും വിദേശ ചിത്രങ്ങൾക്കും സ്വദേശ ചിത്രങ്ങൾക്കും വെവ്വേറെ മത്സരവിഭാഗങ്ങൾ ഏർപ്പെടുത്തണം എന്ന ജൂറിയുടെ നിർദ്ദേശത്തോട് വിയോജിപ്പ് പ്രകടിപ്പിക്കേണ്ടി വരുന്നു. കാരണം വിദേശ ചിത്രങ്ങളോട് മത്സരിച്ചു ജയിക്കാനുള്ള സ്വദേശ ചിത്രങ്ങളുടെ ഒരു 'ത്വര'യെയും അവസരത്തെയും അത് ഇല്ലായ്മ ചെയ്യും. വരും കാലങ്ങളിലെ മേളകളിലും കൂടുതൽ വിദേശ ചിത്രങ്ങൾ ഉണ്ടാകും എന്നും അതുവഴി നമുക്ക് അപ്രാപ്യമായ ലോകത്തിന്റെ ഏതൊക്കെയോ കോണുകളിൽ ജീവിക്കുന്നവരുടെ സംസ്കാരത്തെയും അനുഭവങ്ങളെയും അവസ്ഥാവിശേഷങ്ങളെയും അവരുടെ ആശയ ഗതിവിഗതികളെ കാണാനും സൂക്ഷ്മമായി വിലയിരുത്താനുമുള്ള സന്ദർഭങ്ങൾ കൈവരും എന്നും പ്രതീക്ഷിക്കുകയാണ്. മേളയിൽ പങ്കെടുത്തവരൊക്കെ മേള കഴിഞ്ഞു മടങ്ങവെ ആഗ്രഹിച്ചതും അത് തന്നെ ആണ്. ഈ മേളയിൽ ഉടനീളം ഒരു 'അവതാരകന്റെ' റോളിൽ സജീവമായി ഇടപെടാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ വിചാരിക്കുന്നു. സ്വാർഥതയുടെ 'അവനവനിസത്തി'ലേക്ക് മനുഷ്യൻ ചുരുങ്ങുന്ന ഈ സമയത്ത് അർത്ഥപൂർണമായ സാമൂഹിക ജീവിത നന്മകളുടെ വിഹായസ്സു സ്വപ്നം കാണുന്നവരുടെ 'ഉൾക്കാഴ്ച' കളിൽ വിടരുന്ന നവ 'ഹൈക്കു' ചിന്തകളെ ചർച്ച ചെയ്യാൻ പുതിയ കൂട്ടായ്മകളും മേളകളും എന്നും ഉണ്ടാവും എന്ന് നമുക്ക് പ്രത്യാശിക്കാം.

**മേതിൽ സതീശൻ**



# ഉൾക്കണ്ണു തുറന്നു നോക്കണം




നല്ല സിനിമയുടെ മാനദണ്ഡമെന്താണെന്ന് പലരും എന്നോടുചോദിക്കാറുണ്ട്. എന്റെ ഉത്തരം എപ്പോഴും ഒന്നു തന്നെയാണ്. നല്ല സിനിമയ്ക്ക് ജീവിതത്തോട് ആഭിമുഖ്യം വേണം. നമുക്കു ചുറ്റുമുള്ള ജീവിതത്തിൽ നിന്നായിരിക്കണം സിനിമ ഉണ്ടാകുന്നത്. ജീവിക്കുക എന്നത് ഓരോ ജീവിയുടെയും മൗലികാവകാശമാണ്. നാമത് വകവച്ചുകൊടുത്തേ തീരു. ചുറ്റുമുള്ള ജീവിതത്തിലേക്ക് നാം കണ്ണുതുറന്നു നോക്കണം. കണ്ണുതുറന്നുനോക്കിയാൽ പോരാ, ഉൾക്കണ്ണു തുറന്നു നോക്കണം. 'ഇൻസൈറ്റ്' എന്നത് ഉൾക്കണ്ണു തുറന്നു നോക്കുമ്പോൾ കിട്ടുന്ന 'ഉൾക്കാഴ്ച'യാണ്. അതുവേണം നല്ല സിനിമകൾ ഉണ്ടാകാൻ. സംവിധായകനുമാത്രമല്ല ക്യാമറമേനും അതുവേണം. അതിന് സ്നേഹം വേണം. കംപാഷൻ വേണം.

ഒരു കുട്ടിയായിരിക്കുമ്പോൾ വീട്ടിൽനിന്നു പുറത്തുകടക്കുന്നതിന് എനിക്കു തടസ്സമുണ്ടായിരുന്നില്ല എന്നത് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. പലരുമായും, കൂട്ടത്തിൽ തെമ്മാടികളുമായും, കൂട്ടുകൂടിനടക്കാൻ കഴിഞ്ഞതും, പലരുടെയും ദുഃഖങ്ങളും ദുരിതങ്ങളും നേരിട്ടു കണ്ടനുഭവിക്കാൻ കഴിഞ്ഞതും ഭാഗ്യമായിതന്നെ ഞാൻ കരുതുന്നു. അല്ലെങ്കിൽ എന്റെ മനസ്സ് ഇത്രമാത്രം സൃഷ്ട്യുന്മുഖമാകുമായിരുന്നില്ല. കൂടാതെ, വളർന്നുകഴിഞ്ഞപ്പോൾ, എന്നെ സ്വാധീനിച്ച മൂന്നു വ്യക്തിത്വങ്ങളാണ് അരവിന്ദനും, ഗുരുനിത്യചൈതന്യയതിയും, ചിന്ത രവിയും. വളരെ വ്യത്യസ്തമായ വ്യക്തിത്വങ്ങളാണ് ഇവർ മൂന്നുപേരും. ഇവർ മുന്നുപേരും മുന്നു തരത്തിലാണ് എന്നെ സ്വാധീനിച്ചത്. ഇത്തരം സ്വാധീനങ്ങളിൽനിന്നും മോചിതനാവാൻ എനിക്കു കഴിയില്ല. ആർക്കും കഴിയില്ല. ഈ സ്വാധീനങ്ങളെല്ലാം നമ്മുടെ സൃഷ്ടികളെയും സ്വാധീനിക്കും. സ്വാധീനിക്കണം. അപ്പോഴാണ് ഇവയ്ക്കെല്ലാം അപ്പുറത്ത് നമ്മുടേതായി ഒന്നുണ്ടാവുന്നത്.

പുതിയതായി സിനിമ നിർമ്മിക്കാൻ പുറപ്പെടുന്നവരോട് എനിക്കു പറയാനുള്ളത്, നിങ്ങൾ സാങ്കേതികവൈദഗ്ദ്ധ്യം നേടേണ്ടത് ആവശ്യം തന്നെ. അതിനായി ധാരാളം വായിക്കണം, പരിശീലിക്കണം. എല്ലാം നല്ലതുതന്നെ. എന്നാൽ സാങ്കേതിക വൈദഗ്ദ്ധ്യത്തിൽ ഒതുങ്ങരുത് നിങ്ങളുടെ ലോകം. ഉൾക്കണ്ണുതുറന്നു ജീവിതത്തെ കാണണം. ലോകത്തെ നിരീക്ഷിക്കണം. വഴക്കിടേണ്ടിവന്നേക്കാം. കലാപമുണ്ടാക്കേണ്ടിവന്നേക്കാം. എങ്കിലും ഒരിക്കലും അടയാത്ത ഉൾക്കണ്ണുമായി പൊരുതി മുന്നേറണം. എന്റെ അനുഭവം എന്നെ പഠിപ്പിച്ചത് ഇതൊക്കെയാണ്.

*(4-ാം ഹാഫ് ഫെസ്റ്റിവൽ സദസ്സിലുള്ളവരുമായി ജൂറി അംഗം ശ്രീ. സണ്ണി ജോസഫ് നടത്തിയ സംവാദവേളയിൽ പറഞ്ഞ ചില കാര്യങ്ങളുടെ സ്വതന്ത്രാലേഖനം)*

**സണ്ണി ജോസഫ്**



# ചെറുതാണ് വലുത്

എന്തും ചെറുതാണ് വലുത്!

പ്രപഞ്ചതത്വവും അതാണ്!

നമുക്കു ചുറ്റുമുള്ള ജന്തുജാലങ്ങളിലും സസ്യജാലങ്ങളിലുമൊക്കെ ചെറുതിനോളം വലുപ്പം ഒരു വലുതിനുമില്ല!

തന്മാത്രയെക്കാൾ വീര്യം ആറ്റത്തിനാണ്!

ആറ്റത്തിനെക്കാൾ വീര്യം ന്യൂട്രോണിനും!

യഥാർത്ഥ ലോകത്തേക്കാൾ എത്രയോ വലുതാണ് കാണാൻ കഴിയാത്ത ഭാവനയുടെ ലോകം!

അവിടെ നോവലിനേക്കാൾ കാമ്പ് ചെറുകഥയ്ക്കാണ്!

മറ്റേതൊരു ഗ്രന്ഥത്തെക്കാൾ, കാവ്യത്തെക്കാൾ, ലേഖനത്തെക്കാൾ, പ്രസംഗങ്ങളെക്കാൾ ചർച്ചാവിഷയമാവുന്നതും പലപ്പോഴും സമൂഹത്തിന്റെ തിരുത്തൽ ശക്തിയായി വർത്തിക്കുന്നതും വെറുമൊരു വര കോറിയിടുന്ന കാർട്ടൂണുകളാണ്!

"അയാൾടെ ഒരു നോട്ടം....."

"അച്ഛൻ ഒരക്ഷരം മിണ്ടിയില്ല. പക്ഷെ എന്നെയൊന്ന് നോക്കി... ഹോ!"

"അമ്മയൊരു മൂളൽ മൂളി!"

എന്നൊക്കെ പറയുന്നതു കേട്ടിട്ടില്ലേ?

ശരിയായ ടൈമിങ്ങോടുകൂടി നോക്കുന്ന നോട്ടം! മൂളുന്ന മൂളൽ! മിന്നിമറയുന്ന ഭാവക്കഷ്ണം!

ഇവയൊക്കെ, ഒരുപാട് അർത്ഥതലങ്ങൾ തുറക്കുന്നതുകൊണ്ടാണ് അങ്ങിനെയൊക്കെ പറയുന്നത്.

"ആ കണ്ണുകൾ കണ്ടാലറിയാം അകത്തിരമ്പുന്ന സങ്കടക്കടൽ"

"അവളുടെ നീലമിഴകൾ ആകാശത്തിന്റെയും ആഴക്കടലിന്റെയും നീലിമയെക്കാൾ നിഗൂഢതകൾ നിറഞ്ഞതാണ്...!

എന്നൊക്കെ പറയുന്നത് ശരീരത്തിലെ താരതമ്യേന ചെറിയൊരു ഭാഗമായ 'കണ്ണ്' ഫോക്കസ് ചെയ്യുമ്പോൾ കിട്ടുന്ന ചിത്രം വായിക്കുമ്പോഴാണ്....!

ഒരു ചപ്പടാച്ചിയെക്കാൾ (നാവിട്ടടിയ്ക്കുന്ന ആൾ) സമൂഹം വിലകൽപ്പിക്കുന്നത് കാര്യമാത്രപ്രസക്തമായി സംസാരിയ്ക്കുന്ന മിതഭാഷിയെയാണ്.

വാക്കുകളിൽ ചെറിയ വാക്കുകളാണ് yes or no!

ഈ വാക്കുകളാണ് ലോകത്ത് എല്ലാം ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും നിലനിർത്തുന്നതും! അത്, ലോകമഹായുദ്ധമായാലും ചെറുപുഞ്ചിരിയായാലും ശരി!

രണ്ടോമൂന്നോ മണിക്കൂർ നീണ്ടുനിൽക്കുന്ന യുദ്ധസിനിമയിലൂടെ കാണികളുടെ മനസ്സിൽ യുദ്ധവിരുദ്ധ ചിന്തകൾ ഉണ്ടാക്കുന്നതിനേക്കാൾ ശക്തിയാർജിയ്ക്കുന്ന കാഴ്ചകളാണ് നിമിഷങ്ങൾ കൊണ്ടു കാണിയ്ക്കുന്ന സിനിമകൾ തരുന്നത്!

തുറന്ന കണ്ണുകളോടുകൂടി അറ്റുകിടക്കുന്ന കൊച്ചുകുഞ്ഞിന്റെ തല....

മണ്ണിൽ പാതി മൂടിയ കൈപത്തി.....! ഒരു വിരൽ......!

അണുവിസ്ഫോടനത്തിൽ പകച്ച് വസ്ത്രംപോലും ഇല്ലാതെ ഓടുന്ന ആറു വയസ്സുകാരി!

ഭക്ഷണ പൊതിയ്ക്ക് ആകാശത്തേയ്ക്ക് കൈ നീട്ടുന്ന ജനസഞ്ചയം എന്നീ നിസ്തുല ചിത്രങ്ങൾ മതി യുദ്ധവിരുദ്ധ വികാരം കാണികളുടെ മനസ്സിൽ സൃഷ്ടിയ്ക്കാൻ!

സൃഷ്ടി ഏറ്റവും അനിവാര്യമായ നിമിഷത്തിൽ സൃഷ്ടാവ് തന്റെ സകലശക്തിയും ഉപയോഗിച്ച് ഏറ്റവും മൂർച്ചയേറിയതും ഏറ്റവും ചെറുതും ഏറ്റവും മനോഹരമായതുമായ ഒന്നിനെസൃഷ്ടിയ്ക്കുന്നു!

ഹ്രസ്വ സിനിമയും അങ്ങനെയാവണം....!

സമൂഹത്തിന്റെ മനസ്സിലേയ്ക്ക്, തെറ്റിന്റെ കണ്ണിലേയ്ക്കു ആഴ്ന്നിറങ്ങുന്ന നേർത്ത എന്നാൽ കൂർത്ത സൂചിമുനയാവണം ഹ്രസ്വ സിനിമ....!


ഒരിയ്ക്കലും പിടിതരാതെ മനുഷ്യമനസ്സിന്റെ നിഗൂഢ ഗർത്തങ്ങളിലേയ്ക്ക് വെളിച്ചം വിതറുന്ന പ്രകാശരേണുവിന്റെ തുമ്പാവണം ഹ്രസ്വ സിനിമ!

സിനിമയെ, സ്നേഹിയ്ക്കുന്നവന്റെ മനസ്സിൽ ഉണ്ടാവുന്നതാണ് സിനിമ! ഉണ്ടാക്കുന്നതല്ല!!

ഇൻസൈറ്റിന്റെ ഇത്തരം ചെറുസിനിമാ പ്രവർത്തനം മൂലം, മനം നീറുന്ന, നിലാക്കുളിരുള്ള മനുഷ്യസമൂഹത്തിന് ദിശാസൂചകങ്ങളാവുന്ന ഒട്ടേറെ സിനിമകൾ ഉണ്ടാവട്ടെ എന്നാഗ്രഹിക്കുന്നു.



**ഫറൂഖ് അബ്ദുൾ റഹിമാൻ**
(സിനിമാസംവിധായകൻ)



# മനസ്സിനെ നോവിക്കുന്ന ദൃശ്യങ്ങൾ

നെറ്റിയിൽ ഇരുകൺപുരികങ്ങൾക്കും ഇടയിലായി കത്തി തുളച്ചു കയറിയ ഒരു സ്ത്രീയുടെ ചിത്രം വായനക്കാരിൽ ചിലരെങ്കിലും ഇന്നും ഓർക്കുന്നുണ്ടാവും. മാതൃഭൂമി പത്രത്തിന്റെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച ആ ചിത്രം ഒരു പാട് ചർച്ചകൾക്ക് വഴി വച്ചു. അതിരാവിലെ വായനക്കാരനെവിളിച്ചുണർത്തുന്ന പത്രത്തിന്റെ മുഖപടം തന്നെ ഇങ്ങിനെയായാലോ.. ... ചിലരെങ്കിലും അരിശം കൊണ്ടു. ചിലർക്കെങ്കിലും ആ ചിത്രം വല്ലാത്ത മനോ വേദനയായി. മനസ്സാക്ഷിയുള്ളവരെല്ലാം ആ ചിത്രം പ്രസിദ്ധീകരിച്ചതിന്റെ ഉദ്ദേശ്യം തിരിച്ചറിഞ്ഞു... ഒരുപക്ഷെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച ഒരു വാർത്ത സൃഷ്ടിക്കുന്നതിനെക്കാൾ ഏറെ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ആ ചിത്രം വഴി വച്ചു. മാധ്യമങ്ങളുടെ സമീപ കാല ചരിത്രത്തിലൊന്നും ഒരു ചിത്രം ഇത്രമാത്രം രൂക്ഷമായ ചർച്ചകൾക്കും പ്രതികരണങ്ങൾക്കും വഴി തുറന്നിട്ടില്ല. എന്നതാണ് വാസ്തവം. സമീപ കാലത്തുതന്നെ ഏറെ ശ്രദ്ധ ആകർഷിച്ച തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ ഒമ്പതാം വാർഡിന്റെ ചിത്രം, കൊല്ലത്ത് ശ്മശാനത്തിലേക്ക് മൃതദേഹം ചുമക്കുന്ന യുവാവിന്റെ ചിത്രം ഇവയെയും പരാമർശിക്കാതിരിക്കാനാവില്ല.

എന്തിന് ഇങ്ങനെ വാർത്താ ചിത്രങ്ങളുടെ കാര്യം പറഞ്ഞുപോവുന്നുവെന്നല്ലേ... ഒരു നൂറ് വാക്കുകൾക്ക് പറഞ്ഞ് ഫലിപ്പിക്കാനാവാത്ത കാര്യങ്ങൾ ഒരൊറ്റ ചിത്രം കൊണ്ട് അഭിവ്യഞ്ജിപ്പിക്കാനാവും എന്ന് മാധ്യമ പഠനങ്ങൾ പറഞ്ഞു വച്ചത് വെറുതെയല്ല. ഒരൊറ്റ ഫ്രെയിമിലൊതുക്കാനാവില്ല ജീവിതം എന്ന് കാവ്യാത്മകമായി പറഞ്ഞു പോവാമെന്നുമാത്രം. ഒരൊറ്റ ഫ്രെയിമിലൊതുക്കുന്ന അഥവാ ഏതാനും ഫ്രെയ്മുകളിലൊതുക്കുന്ന കവിതകളായി ഷോർട്ട് ഫിലിമുകൾ എന്ന ഭ്രമാത്മക കാവ്യങ്ങൾ മാറുന്നു എന്ന് ഓർമ്മിപ്പിക്കാൻ ഹൃദയത്തിലേക്ക് നേരെ തൊടുന്ന ചില ചിത്രങ്ങളെക്കുറിച്ച് പറഞ്ഞു തുടങ്ങിയെന്നുമാത്രം.

പാലക്കാട് താരെക്കാട് ഫൈൻ ആർട്ട്സ് സൊസൈറ്റി ഹാളിൽ ഇൻസൈറ്റിന്റെ ഇക്കഴിഞ്ഞ ഹ്രസ്വ ചലചിത്രമേളയിൽ എന്നത്തേയും പതിവു പോലെ ഞാനൊരു കാഴ്ചക്കാരനായിരുന്നില്ലെന്ന് ഏറെ ഖേദത്തോടെതന്നെ ഓർക്കട്ടെ. പക്ഷെ അവിടെ കയറിയിറങ്ങിയ ഒരു പത്തുമിനുട്ട്. അതിനിടയിൽ കണ്ട ഒരേ ഒരു ചിത്രം അത് മനസ്സിനെ ഇന്നും വേട്ടയാടുന്നു. മാറുന്ന കാലത്തിന്റെ തൊഴിൽ സംസ്കാരവും അതിനിടയിൽ അറിഞ്ഞിട്ടും അറിയാതെ പോവുന്ന സ്നേഹവും വ്യഥയുമെല്ലാം ചാലിച്ചെഴുതിയ മനോഹരമായ ഒരു ചിത്രം.

വലിയൊരു ഫാമിൽ നോക്കുകുത്തിയുടെ ജോലിയാണ് കുടുംബനാഥന്. നോക്കുകുത്തിയുടെ ജോലിയോ എന്ന് അതിശയം കൂറാൻ വരട്ടെ. അതല്ലെങ്കിൽ നോക്കുകുത്തി എന്തു ജോലിയെടുക്കാൻ എന്നും ചോദിക്കാൻ വരട്ടെ. മാറിയ ലോകം, ആഗോളീകരണത്തിന്റെ കാലത്ത് മൂലധനം കയ്യാളുന്നവരുടെ ആവശ്യമാണല്ലോ ജോലിയുടെ സ്വഭാവം നിശ്ചയിക്കുന്നത്. മൂലധനം ആവശ്യപ്പെടുന്നതനുസരിച്ച് പുതിയ തൊഴിലവസരങ്ങളും അതിന് മനുഷ്യവിഭവശേഷി സജ്ജമാക്കാനുള്ള കോഴ്സുകളും നിരവധിയാണ് ( എന്നിട്ടും നാം ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ഗുമസ്തൻമാരെ സൃഷ്ടിക്കാൻ മാത്രം ലക്ഷ്യമിട്ട മെക്കോളേ സായിപ്പിന്റെ വിദ്യാഭ്യാസത്തെ കുറ്റം പറഞ്ഞു കൊണ്ടേയിരിക്കുന്നു.) ആളൊഴിഞ്ഞ ഫാമിൽ പ്രണയ സുരഭിലമായ നിമിഷങ്ങൾ ചിലവഴിക്കാൻ എത്തിയ ഒരു യുവ ജോഡി ഇത് വെറും നോക്കുകുത്തിയല്ലേ.. മറ്റാരും കാണില്ലല്ലോ എന്ന വിശ്വാസത്തോടെ സ്നേഹപ്രകടനങ്ങൾ തുടങ്ങിയപ്പോഴാണ് ഞെട്ടലോടെ തിരിച്ചറിയുന്നത്... നോക്കുകുത്തിക്കതാ ജീവനുണ്ട്. ഇരുവരും ജീവനും കൊണ്ടോടി.... പ്രേക്ഷകരിൽ ചിരിപടർത്തിയ വെറുമൊരു ദൃശ്യം എന്ന നിലയിൽ മാത്രം ഇതിനെ കാണാനൊക്കില്ല.

തൊട്ടുപിന്നാലെയാണ് നോക്കുകുത്തിയായ മനുഷ്യന്റെ ഭാര്യയും മകനും സഞ്ചാരികളായി അതുവഴിയെത്തുന്നത്. ഒറ്റ നോട്ടത്തിൽ മകൻ അച്ഛനെ തിരിച്ചറിയുന്നു. അല്ലെങ്കിലും രക്തബന്ധം എന്നൊന്ന് അദൃശ്യമായി എവിടേയോ ഉണ്ടല്ലോ... ഭാര്യക്ക് ആദ്യം അത് വിശ്വസിക്കാനാവുന്നില്ല. വിദ്യാഭ്യാസമുള്ള ഭർത്താവ്. എന്നിട്ടും നോക്കുകുത്തിയുടെ ജോലിയോ.. അവർക്കത് വിശ്വസിക്കാനാവുന്നതേയില്ല. പക്ഷെ ഒരുമിനുട്ടിനകം നോക്കുകുത്തി യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു വരുന്നു... ഇതെന്റെ ജോലിയല്ലേ എന്നാണ് മറുചോദ്യം. ജോലി ഏതായാലും അതിന്റെ ഉത്തരവാദിത്തവും തൊഴിലെടുക്കുന്നതിലെ അഭിമാനവുമെല്ലാം പറയാതെ പറയുന്ന നോട്ടങ്ങൾ..

ഇതെല്ലാം അഞ്ചുമിനുട്ടിനകം കഴിഞ്ഞു. രണ്ടോ രണ്ടരയോ മണിക്കൂർ നീളുന്ന ഒരു ഫീച്ചർ ചിത്രത്തിന് ഇത്രയും പൊള്ളുന്ന രീതിയിൽ കാര്യങ്ങൾ പറഞ്ഞുപോവാനാവുമോ.. നേരെയങ്ങ് ഹൃദയത്തിൽ തൊട്ടു നോവിക്കാനാവുമോ.. സംശയമാണ്.

സിനിമ യൗവനത്തിന്റെ സ്വപ്നഭൂമികയാണ്. കനത്ത ചെലവുകൾ പേടിസ്വപ്നമായിരുന്ന കാലം ഇന്നും ഉണ്ടെങ്കിലും സാങ്കേതിക വിദ്യയുടെ വളർച്ചയും തുണയും കൊണ്ട് അതിനെ മറികടക്കുകയാണ് ക്രിയാത്മക യൗവനങ്ങൾ. നല്ല ഒരു മൊബൈൽ ഫോണിൽ പോലും ചിത്രികരിച്ച സാങ്കേതികത്തികവുള്ള ഹ്രസ്വ ചിത്രങ്ങൾ ഇന്ന് നമ്മെ അതിശയിപ്പിക്കുന്നു, ഇരുത്തി ചിന്തിപ്പിക്കുന്നു. ഈ സാങ്കേതിക വികാസത്തിന് മനസ്സിന്റെ ഭ്രമാത്മക സങ്കൽപ്പങ്ങളെ തുണയ്ക്കാനും പ്രചോദിപ്പിക്കാനുമായാൽ ഒന്നു തീർച്ച 1970 കളിൽ സർഗ്ഗാത്മകതയുടെ പൂക്കാലം വിടർന്നതുപോലെ ഹ്രസ്വ ചിത്രങ്ങളുടെ ഒരു വസന്തകാലമായിരിക്കും പിറക്കാനിരിക്കുന്നത്.

**വി. ഹരിഗോവിന്ദൻ**
(മാതൃഭൂമി പാലക്കാട് യൂണിറ്റിൽ ചീഫ് റിപ്പോർട്ടറാണ്)





# A Space for the short films

It is really appreciable to see that a contest has been organized for the fourth consecutive year for the short films of less than 5 minutes duration . Infact communicating a story or an idea in a short span of say 5 minutes is a real challenge and therefore the effort of all the participants in making these short films is really great. It is these attempts of creativity that will pave the way forward and open the doors for many of the extremely talented persons.

The greatest challenge now is the lack of a space or a medium to showcase these films to the public. It was really surprising to know that even the best feature film adjudged during the last year by the Government of Kerala couldn't get theatres to show it to the public. Had it been shown in the theatres, the response of the public also would not have been something different for the simple reason that we, malayalees, don't like to pay and watch an experiment!!!! We wait for the film to be shown in Television channels and then would comment on the quality and say " these are the kind of movies that should be made by the new generation!!!!!".

The talents behind these short films should get an opportunity to showcase their work to the public and only then they will have the courage to do more and better. How equipped are we as of now? This has been an area of interest for some of us and we were really surprised to see the ideas and stories being communicated by such short films. We had thus thought over and decided to create a space for these talented youth. We have created a portal www.reelax.in which is purely for entertainment. In this portal we have made a special mention and space for short films. The response so far has been good though we have not given any publicity to this. We could hear from some of our friends as to why another portal when something like youtube was already there. We just have one answer, youtube is just like an over - crowded super market without any sign boards and name boards. Whereas www.reelax.in is like a speciality shop where you can see the short films being displayed easily and you can search the short films without much trouble.

We request all the young talents to use this space to showcase your creations and spread this amongst their friends. There are no charges involved in listing your short films and neither does the public need to pay any charge to view the short films. This platform can be used as your theatre and to explore the hidden gems in you. All the very best.

**C.A. Vimal Venu**
Director
Eram Infotech (P) Ltd



# DAY 1 • 9TH AUGUST 2014 • INAUGURAL FUNCTION








| | |
|---|---|
| PRESIDENTIAL ADDRESS | Shri. K.R. Chethallur |
| INAUGURATION | Shri, K. Ramachandran I.A.S.<br>District Collector, PALAKKAD DISTRICT |
| Felicitation by Jury Members | Shri. K.R. Mohanan<br>Shri. C.S. Venkiteswaran |
| Introductory Address | Shri. K.V. Vincent<br>Festival Director |



# OPEN FORUM DISCUSSIONS




# OPEN FORUM DISCUSSIONS
on the first day after each screening







